# Year of Spirituality
# Eparchial Quiz Competition



## Week 7 (January 19th–2025)

121. **Q:** According to Aphrahat’s “The Demonstration on Faith,” what is the foundation of faith, and how does it relate to the building metaphor?

**A:** The foundation of faith is our Lord Jesus Christ, described as the "true stone." Faith is likened to a building constructed on this foundation, rising until it is perfected.

122. **Q:** In Aphrahat’s “The Demonstration on Faith,” what qualities and actions are required to make one’s house a dwelling place for Christ?

**A:** Qualities and actions such as pure fasting, prayer, love, alms, humility, virginity, holiness, wisdom, hospitality, simplicity, perseverance, moderation, mourning, and purity are required.

123. **Q:** What examples does Aphrahat provide in “The Demonstration on Faith” to illustrate the power of faith in overcoming obstacles?

**A:** Aphrahat mentions examples such as Moses dividing the Red Sea, Joshua causing the walls of Jericho to fall, and the three righteous men—Hananiah, Azariah, and Misael—being unharmed in the fire.

124. **Q:** How does Aphrahat’s “The Demonstration on Faith” interpret the significance of Christ being both the foundation and the head of the building?

**A:** Aphrahat explains that Christ, as the foundation, establishes faith on earth, and as the head of the building, He ascends above the heavens, completing the structure.

125. **Q:** According to Aphrahat’s “The Demonstration on Faith,” what moral behaviours should a person avoid as part of maintaining faith?

**A:** A person should avoid observing hours, Sabbaths, new moons, oracles, augury, astrology, magic, fornication, music, vain doctrines, flattery, blasphemy, adultery, false witness, and speaking with a double tongue.

126. **Q:** According to Aphrahat’s “The Demonstration on Charity,” what are the two commandments on which the Law and the prophets depend?

**A:** The two commandments are: "Love the Lord your God with all your soul, strength, and heart" and "Love your neighbour as yourself."

127. **Q:** How does Aphrahat describe the relationship between faith and love in “The Demonstration on Charity”?

**A:** Aphrahat states that faith is the foundation, and true love is established through faith. Faith and love together uphold the essence of the Law and the prophets.

128. **Q:** In Aphrahat’s “The Demonstration on Charity,” which Old Testament figures are highlighted as examples of love, and why?

**A:** Aphrahat highlights Moses, David, Elisha, and Jeremiah as examples of love. Moses interceded for the Israelites, David showed mercy to Saul, Elisha provided for his enemies, and Jeremiah prayed for his captors.

129. **Q:** What teaching from Jesus does Aphrahat emphasise in “The Demonstration on Charity” regarding forgiveness?

**A:** Aphrahat emphasises Jesus' teaching to forgive others unconditionally, even up to seventy times seven, as a reflection of God's mercy and love.

130. **Q:** According to Aphrahat’s “The Demonstration on Charity,” how does Jesus demonstrate his love for humanity through his actions?

**A:** Jesus demonstrates his love by healing the sick, forgiving sins, feeding the hungry, offering salvation, and reconciling humanity with God through his sacrifice.

131. **Q:** According to Aphrahat’s “The Demonstration on Fasting,” what is the significance of pure fasting beyond abstaining from food and drink?

**A:** Pure fasting involves abstaining from evil actions, controlling anger, avoiding hateful speech, and maintaining purity of heart, which are more excellent and pleasing to God than fasting from bread and water.

132. **Q:** In Aphrahat’s “The Demonstration on Fasting,” what Old Testament figures are highlighted as examples of fasting, and what did their fasting achieve?

**A:** Moses and Elijah are highlighted. Moses fasted for forty days and received the Law, averting God’s anger from Israel. Elijah fasted for forty days and received a divine command to anoint new leaders, fulfilling God’s will.

133. **Q:** How does Aphrahat contrast the fasting of the Ninevites with that of Jezebel in “The Demonstration on Fasting”?

**A:** The Ninevites’ fasting was pure and included repentance and turning from evil deeds, which pleased God and averted His anger. In contrast, Jezebel’s fasting was hypocritical and wicked, involving false testimony and the shedding of innocent blood, leading to divine judgment.

134. **Q:** What role does fasting play in the story of Mordecai and Esther, according to Aphrahat’s “The Demonstration on Fasting”?

**A:** The fasting of Mordecai and Esther served as a shield of redemption for their people, leading to the downfall of Haman and the salvation of the Jews from destruction.

135. **Q:** How does Aphrahat describe the fasting of Daniel in "The Demonstration on Fasting," and what was its outcome?

**A:** Daniel fasted for three weeks, praying for the end of the seventy-year captivity of his people. His fasting was accepted by God, and with the help of Gabriel and Michael, the captivity ended, and the people returned to their land.

136. **Q:** According to Aphrahat's "The Demonstration on Prayer," what is an essential condition for prayer, and why is it significant?

**A:** Purity of the heart is an essential condition for prayer. It signifies that prayer from a pure heart is a pure offering or sacrifice, which is acceptable to God and capable of performing miracles.

137. **Q:** In Aphrahat's "The Demonstration on Prayer," how does he interpret the saying, "Where two or three are gathered in my name, there am I in the midst of them" (Mt. 18:20)?

**A:** Aphrahat explains that when a person cleanses their soul, Christ dwells in them, and God dwells in Christ, making that person one of the three. This demonstrates that Christ can be with a single individual who prays with a pure heart.

138. **Q:** How does Aphrahat use the story of Abel and Cain in "The Demonstration on Prayer" to illustrate the acceptance of offerings?

**A:** Aphrahat explains that Abel's offering was accepted because of the purity of his heart, as shown by fire descending from heaven to consume it. Cain's offering, however, was rejected due to his impure heart.

139. **Q:** What does Aphrahat suggest is more important than verbal prayer in "The Demonstration on Prayer"?

**A:** Aphrahat emphasises that doing the will of God, such as acts of mercy and giving rest to others, is a form of prayer that takes precedence over verbal prayer.

140. **Q:** According to Aphrahat's "The Demonstration on Prayer," what role does forgiveness play in prayer?

**A:** Forgiveness is critical in prayer. Aphrahat teaches that holding grudges blemishes one's prayer, and one must forgive others to ensure their prayers are pure and accepted by God.




## Week 7 (January 19th 2025)

121. ചോ: അഫ്രഹാത്തിന്റെ "വിശ്വാസത്തെക്കുറിച്ചുള്ള ലേഖനം" അനുസരിച്ച്, എന്താണ് വിശ്വാസത്തിന്റെ അടിസ്ഥാനം? വിശ്വാസത്തെ ഒരു കെട്ടിടത്തിന്റെ ഘടനയുമായി എങ്ങനെയാണ് അഫ്രഹാത്ത് ബന്ധപ്പെടുത്തിയിരിക്കുന്നത്?

ഉ: വിശ്വാസത്തിന്റെ അടിസ്ഥാനം നമ്മുടെ കർത്താവായ ഈശോ മിശിഹായാണ്; ഈശോയെ അഫ്രഹാത്ത് വിശേഷിപ്പിച്ചിരിക്കുന്നത് "യഥാർത്ഥ കല്ല്" എന്നാണ്. ഈശോയാകുന്ന അടിത്തറയിൽ പണിയപ്പെട്ട ഒരു കെട്ടിടം പോലെയാണ് വിശ്വാസം; വിശ്വാസം പൂർണത പ്രാപിക്കണമെങ്കിൽ അത് മിശിഹായിൽ പണിയപ്പെട്ടുകൊണ്ടിരിക്കണം.

122. ചോ: അഫ്രഹാത്തിന്റെ "വിശ്വാസത്തെക്കുറിച്ചുള്ള ലേഖന"ത്തിൽ പരാമർശിച്ചിരിക്കുന്നതനുസരിച്ച് ഒരാളുടെ വീടിനെ മിശിഹായുടെ വാസസ്ഥലമാക്കാൻ എന്തൊക്കെ ഗുണങ്ങളും പ്രവൃത്തികളും ആവശ്യമാണ്?

ഉ: പൂർണ്ണമായ ഉപവാസം, പ്രാർത്ഥന, സ്നേഹം, ദാനം, വിനയം, ബ്രഹ്മചര്യം, വിശുദ്ധി, ജ്ഞാനം, ആതിഥ്യമര്യാദ, ലാളിത്യം, സ്ഥിരോത്സാഹം, മിതത്വം, തപസ്സ്, വിശുദ്ധി തുടങ്ങിയ ഗുണങ്ങളും പ്രവൃത്തികളും ആവശ്യമാണ്.

123. ചോ: പ്രതിബന്ധങ്ങളെ മറികടക്കുന്നതിൽ വിശ്വാസത്തിന്റെ ശക്തി വ്യക്തമാക്കുന്നതിന് “വിശ്വാസത്തെക്കുറിച്ചുള്ള ലേഖന"ത്തിൽ ഏതൊക്കെ ഉദാഹരണങ്ങളാണ് അഫ്രഹാത്ത് നൽകിയിരിക്കുന്നത്?

ഉ: മോശ ചെങ്കടൽ വിഭജിച്ചത്; ജോഷ്വായുടെ ഇടപെടൽമൂലം ജെറീക്കോയുടെ മതിലുകൾ ഇടിഞ്ഞുവീഴാൻ ഇടയായത്; ഹനനിയാ, അസറിയ, മിഷായേൽ എന്നീ മൂന്ന് നീതിമാന്മാർ പരിക്കേൽക്കാതെ തീയിൽനിന്നും രക്ഷപ്പെട്ടത് തുടങ്ങിയ ഉദാഹരണങ്ങൾ അഫ്രഹാത്ത് പരാമർശിക്കുന്നു.

124. ചോ: മിശിഹായാണ് കെട്ടിടത്തിന്റെ അടിത്തറയും തലവനും എന്നതിന്റെ പ്രാധാന്യത്തെ അഫ്രഹാത്തിന്റെ "വിശ്വാസത്തെക്കുറിച്ചുള്ള ലേഖനം" എങ്ങനെയാണ് വ്യാഖ്യാനിക്കുന്നത്?

ഉ: അടിത്തറയായ മിശിഹാ ഭൂമിയിൽ വിശ്വാസം സ്ഥാപിക്കുന്നുവെന്നും കെട്ടിടത്തിന്റെ തലവനായ അവൻ സ്വർഗ്ഗത്തിലേക്ക് പ്രവേശിച്ച് കെട്ടിടത്തിന്റെ പണി പൂർത്തിയാക്കുന്നുവെന്നും അഫ്രഹാത്ത് വിശദീകരിക്കുന്നു.

125. ചോ: അഫ്രഹാത്തിന്റെ "വിശ്വാസത്തെക്കുറിച്ചുള്ള ലേഖനം" അനുസരിച്ച്, വിശ്വാസം നിലനിർത്തുന്നതിന്റെ ഭാഗമായി ഒരു വ്യക്തി ഏതൊക്കെ പ്രവർത്തികളാണ് ഒഴിവാക്കേണ്ടത്?

ഉ: സമയം നോക്കൽ, യഹൂദരുടെ സാബത്താചരണം, അമാവാസികൾ, ദുർമന്ത്രവാദികളുടെ പ്രവചനങ്ങൾ, ശകുനം, ജ്യോതിഷം, മന്ത്രവാദം, വ്യഭിചാരം, ലൗകീകമായ സംഗീതം, വ്യർത്ഥമായ ഉപദേശങ്ങൾ, മുഖസ്തുതി, ദൈവദൂഷണം, വ്യഭിചാരം, കള്ളസാക്ഷ്യം, ദ്വയാർത്ഥ സംഭാഷണങ്ങൾ എന്നിവ ഒഴിവാക്കണം.

126. ചോ: അഫ്രഹാത്തിന്റെ "ഉപവിയെക്കുറിച്ചുള്ള ലേഖന"ത്തിൽ പരാമർശിക്കുന്നതനുസരിച്ച് നിയമവും പ്രവാചകന്മാരും ഏതൊക്കെ രണ്ട് ദൈവീക കൽപ്പനകളെ ആശ്രയിച്ചാണ് നിൽക്കുന്നത്?

ഉ: രണ്ട് ദൈവീക കൽപ്പനകൾ ഇവയാണ്: "നിന്റെ ദൈവമായ കർത്താവിനെ നിന്റെ പൂർണ്ണാത്മാവോടും പൂർണ്ണ ശക്തിയോടും പൂർണ്ണ ഹൃദയത്തോടും കൂടെ സ്നേഹിക്കുക"; "നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക".

127. ചോ: അഫ്രഹാത്തിന്റെ "ഉപവിയെക്കുറിച്ചുള്ള ലേഖന"ത്തിൽ വിശ്വാസവും സ്നേഹവും തമ്മിലുള്ള ബന്ധത്തെ അഫ്രഹാത്ത് എങ്ങനെയാണ് വിവരിക്കുന്നത്?

ഉ: വിശ്വാസമാണ് അടിത്തറയെന്നും യഥാർത്ഥ സ്നേഹം വിശ്വാസത്തിലൂടെയാണ് സ്ഥാപിക്കപ്പെടുന്നതെന്നും അഫ്രഹാത്ത് എടുത്തുകാട്ടുന്നു. വിശ്വാസവും സ്നേഹവും ഒരുമിച്ച് ന്യായപ്രമാണത്തിന്റെയും പ്രവാചകന്മാരുടെയും സത്തയെ ഉയർത്തിപ്പിടിക്കുന്നുവെന്നും അഫ്രഹാത്ത് നിരീക്ഷിക്കുന്നു.

128. ചോ: അഫ്രഹാത്തിന്റെ "ഉപവിയെക്കുറിച്ചുള്ള ലേഖന"ത്തിൽ, പഴയനിയമത്തിലെ ഏതൊക്കെ വ്യക്തികളെയാണ് ഉപവി പ്രവർത്തനങ്ങൾക്ക് ഉദാഹരണങ്ങളായി എടുത്തുകാണിച്ചിരിക്കുന്നത്? ഈ വ്യക്തികളുടെ ഉപവിപ്രവർത്തനങ്ങൾ എന്തൊക്കെയാണ്?

ഉ: ഉപവി പ്രവർത്തനങ്ങൾക്കുള്ള ഉദാഹരണങ്ങളായി മോശ, ദാവീദ്, എലീഷാ, ജറെമിയ, എന്നിവരെ അഫ്രഹാത്ത് എടുത്തുകാണിക്കുന്നു. മോശ ഇസ്രായേല്യർക്കുവേണ്ടി മാധ്യസ്ഥ്യം വഹിച്ചു; ദാവീദ് സാവൂളിനോട് കരുണ കാണിച്ചു; എലീഷാ തന്റെ ശത്രുക്കൾക്ക് വേണ്ടതെല്ലാം ചെയ്തു; ജറെമിയ തന്നെ ബന്ദികളാക്കിയവർക്കുവേണ്ടി പ്രാർത്ഥിച്ചു.

129. ചോ: ഈശോയുടെ പാപമോചനത്തെക്കുറിച്ചുള്ള ഏത് പഠിപ്പിക്കലിനെയാണ് അഫ്രഹാത്ത് തന്റെ "ഉപവിയെക്കുറിച്ചുള്ള ലേഖന"ത്തിൽ അടിവരയിട്ടുകാണിക്കുന്നത്?

ഉ: ദൈവത്തിന്റെ കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും പ്രതിഫലനമായി, മറ്റുള്ളവരോട് നിരുപാധികമായി, ഏഴ് എഴുപത് തവണ ക്ഷമിക്കാനുള്ള ഈശോയുടെ പഠിപ്പിക്കലിനെയാണ് അഫ്രഹാത്ത് അടിവരയിട്ടുകാണിക്കുന്നത്.

130. ചോ: അഫ്രഹാത്തിന്റെ "വിശ്വാസത്തെക്കുറിച്ചുള്ള ലേഖനം" അനുസരിച്ച്, ഈശോ മനുഷ്യവർഗത്തോടുള്ള തന്റെ സ്നേഹം എങ്ങനെയാണ് പ്രവൃത്തികളിലൂടെ പ്രകടമാക്കുന്നത്?

ഉ: രോഗികളെ സുഖപ്പെടുത്തിക്കൊണ്ടും, പാപങ്ങൾ ക്ഷമിച്ചുകൊണ്ടും, വിശക്കുന്നവർക്ക് ഭക്ഷണം നൽകിക്കൊണ്ടും, രക്ഷ പ്രദാനം ചെയ്തുകൊണ്ടും, തന്റെ ജീവത്യാഗത്തിലൂടെ ദൈവവുമായി മനുഷ്യരാശിയെ അനുരഞ്ജനപ്പെടുത്തികൊണ്ടും ഈശോ തന്റെ സ്നേഹം പ്രകടമാക്കുന്നു.

131. ചോ: അഫ്രഹാത്തിന്റെ "ഉപവാസത്തെക്കുറിച്ചുള്ള ലേഖനം" അനുസരിച്ച്, ഭക്ഷണപാനീയങ്ങൾ ഉപേക്ഷിക്കുന്നതിനപ്പുറം പൂർണ്ണമായ ഉപവാസത്തിന്റെ പ്രാധാന്യം എന്താണ്?

ഉ: പൂർണ്ണമായ ഉപവാസം എന്നത് ദുഷ്പ്രവൃത്തികളിൽ നിന്ന് വിട്ടുനിൽക്കുക, കോപം നിയന്ത്രിക്കുക, വിദ്വേഷകരമായ സംസാരം ഒഴിവാക്കുക, ഹൃദയശുദ്ധി നിലനിർത്തുക എന്നിവയാണ്; അപ്പവും വെള്ളവും ഉപേക്ഷിച്ചുകൊണ്ടുള്ള ഉപവാസത്തേക്കാൾ ഇത്തരത്തിലുള്ള ഉപവാസം മികച്ചതും ദൈവത്തിന് പ്രസാദകരവുമാണ്.

132. ചോ: അഫ്രഹാത്തിന്റെ "ഉപവാസത്തെക്കുറിച്ചുള്ള ലേഖന"ത്തിൽ ഉപവാസത്തിന്റെ ഉദാഹരണങ്ങളായി പഴയനിയമത്തിലെ ഏതൊക്കെ വ്യക്തികളെയാണ് എടുത്തുകാണിച്ചിരിക്കുന്നത്? ഈ വ്യക്തികൾ ഉപവാസത്തിലൂടെ എന്താണ് നേടിയത്?

ഉ: മോശയേയും ഏലിയയേയുമാണ് അഫ്രഹാത്ത് ഉപവാസത്തിന്റെ ഉദാഹരണങ്ങളായി എടുത്തുകാണിച്ചിരിക്കുന്നത്. മോശ നാല്പതു ദിവസം ഉപവസിക്കുകയും ന്യായപ്രമാണം സ്വീകരിക്കുകയും ചെയ്തു. അതുവഴി അദ്ദേഹം ദൈവത്തിന്റെ കോപം ഇസ്രായേലിൽനിന്നും ഒഴിവാക്കി. ഏലിയ നാല്പതു ദിവസം ഉപവസിക്കുകയും ദൈവഹിതം നിറവേറ്റിക്കൊണ്ട് പുതിയ നേതാക്കളെ നിയമിക്കാനുള്ള ദൈവിക കൽപ്പന സ്വീകരിക്കുകയും ചെയ്തു.

133. ചോ: തന്റെ "ഉപവാസത്തെക്കുറിച്ചുള്ള ലേഖന"ത്തിൽ നിനെവേക്കാരുടേയും ജസബെലിന്റേയും ഉപവാസത്തെ അഫ്രഹാത്ത് എങ്ങനെയാണ് താരതമ്യം ചെയ്യുന്നത്?

ഉ: നിനെവേക്കാരുടെ ഉപവാസം ശുദ്ധമായിരുന്നു; അതിൽ മാനസാന്തരവും ദുഷ്പ്രവൃത്തികളിൽ നിന്നുള്ള പിന്തിരിയലും ഉണ്ടായിരുന്നു; അത് ദൈവത്തെ പ്രസാദിപ്പിക്കുകയും അവിടുത്തെ കോപം ഒഴിവാക്കുകയും ചെയ്തു. ഇതിനു വിപരീതമായി, ജസബെലിന്റെ ഉപവാസം കപടവും ദുഷ്ടവുമായിരുന്നു, അതിൽ വ്യാജസാക്ഷ്യവും ദൈവിക ന്യായവിധിക്ക് കാരണമായ കുറ്റമില്ലാത്ത രക്തം ചൊരിയലും ഉൾപ്പെട്ടിരുന്നു.

134. ചോ: അഫ്രഹാത്തിന്റെ "ഉപവാസത്തെക്കുറിച്ചുള്ള ലേഖനം" അനുസരിച്ച്, മൊർദെക്കായിയുടെയും എസ്തറിന്റെയും കഥയിൽ ഉപവാസത്തിന് എന്ത് പങ്കാണുള്ളത്?

ഉ: മൊർദെക്കായിയുടെയും എസ്തറിന്റെയും ഉപവാസം അവരുടെ ജനങ്ങളുടെ മോചനത്തിനുള്ള ഒരു പരിചയായി വർത്തിച്ചു; അത് ഹാമാന്റെ പതനത്തിലേക്കും യഹൂദന്മാരെ നാശത്തിൽ നിന്ന് രക്ഷിക്കുന്നതിലേക്കും നയിച്ചു.

135. ചോ: തന്റെ "ഉപവാസത്തെക്കുറിച്ചുള്ള ലേഖന"ത്തിൽ ദാനിയേലിന്റെ ഉപവാസത്തെ അഫ്രഹാത്ത് എങ്ങനെയാണ് വിവരിക്കുന്നത്? ദാനിയേലിന്റെ ഉപവാസത്തിന്റെ ഫലം എന്തായിരുന്നു?

ഉ: തന്റെ ജനത്തിന്റെ എഴുപത് വർഷത്തെ അടിമത്തം അവസാനിക്കുന്നതിനായി ദാനിയേൽ മൂന്ന് ആഴ്ച ഉപവസിച്ചു. അവന്റെ ഉപവാസം ദൈവം സ്വീകരിച്ചു, ഗബ്രിയേലിന്റെയും മിഖായേലിന്റെയും സഹായത്തോടെ അടിമത്തം അവസാനിച്ചു, ആളുകൾ അവരുടെ ദേശത്തേക്ക് മടങ്ങി.

136. ചോ: അഫ്രഹാത്തിന്റെ "പ്രാർത്ഥനയെക്കുറിച്ചുള്ള ലേഖനം" അനുസരിച്ച്, പ്രാർത്ഥനയ്ക്ക് അത്യാവശ്യമായ ഒരു വ്യവസ്ഥ എന്താണ്? എന്താണ് ഈ വ്യവസ്ഥയുടെ പ്രാധാന്യം?

ഉ: പ്രാർത്ഥനയ്ക്ക് അത്യാവശ്യമായ ഒരു വ്യവസ്ഥ എന്നത് ഹൃദയശുദ്ധിയാണ്. ശുദ്ധിയുള്ള ഹൃദയത്തിൽ നിന്നുള്ള പ്രാർത്ഥന ദൈവത്തിന് സ്വീകാര്യമായ ഒരു കാഴ്ചവസ്തുവും ത്യാഗവുമായതിനാൽ അതിന് അത്ഭുതങ്ങൾ ചെയ്യാൻ കഴിവുണ്ട്.

137. ചോ: തന്റെ "പ്രാർത്ഥനയെക്കുറിച്ചുള്ള ലേഖന"ത്തിൽ, അഫ്രഹാത്ത് എങ്ങനെയാണ് "രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ ഒരുമിച്ചു കൂടുന്നിടത്ത് അവരുടെ ഞാൻ ഞാൻ ഉണ്ടായിരിക്കും" (മത്തായി 18:20) എന്ന ഈശോയുടെ തിരുവചനത്തെ വ്യാഖ്യാനിക്കുന്നത്?

ഉ: ഒരു വ്യക്തി അവന്റെ ആത്മാവിനെ ശുദ്ധീകരിക്കുമ്പോൾ, മിശിഹ അവനിൽ വസിക്കുന്നുവെന്നും, അതേസമയം ദൈവം മിശിഹായിൽ വസിക്കുന്നുവെന്നും, അതുവഴി ആ വ്യക്തിയെ മൂവരിൽ ഒരാളാക്കുന്നുവെന്നും അഫ്രഹാത്ത് വിശദീകരിക്കുന്നു. ശുദ്ധിയുള്ള ഹൃദയത്തോടെ പ്രാർത്ഥിക്കുന്ന ഒരു വ്യക്തിയോടൊപ്പം മിശിഹായ്ക്ക് സന്നിഹിതനായിരിക്കാൻ കഴിയുമെന്ന് ഇത് തെളിയിക്കുന്നു.

138. ചോ: കാഴ്ചവസ്തുക്കളുടെ സ്വീകാര്യതയെ ചിത്രീകരിക്കാൻ "പ്രാർത്ഥനയെക്കുറിച്ചുള്ള ലേഖന"ത്തിൽ ആബേലിന്റെയും കായേലിന്റേയും കഥ അഫ്രഹാത്ത് എങ്ങനെയാണ് ഉപയോഗിക്കുന്നത്?

ഉ: സ്വർഗത്തിൽ നിന്ന് ഇറങ്ങിവന്ന അഗ്നിയിലൂടെ വെളിവാക്കപ്പെട്ടതുപോലെ, ആബേലിന്റെ ഹൃദയശുദ്ധി കൊണ്ടാണ് അവന്റെ കാഴ്ചവസ്തു സ്വീകരിച്ചതെന്ന് അഫ്രഹാത്ത് വിശദീകരിക്കുന്നു. പക്ഷെ, കായേലിന്റെ അശുദ്ധമായ ഹൃദയം കാരണം അവന്റെ കാഴ്ചവസ്തു നിരസിക്കപ്പെട്ടു.

139. ചോ: "പ്രാർത്ഥനയെക്കുറിച്ചുള്ള ലേഖന"ത്തിൽ വാക്കാലുള്ള പ്രാർത്ഥനയേക്കാൾ പ്രാധാന്യം എന്തിനാണെന്നാണ് അഫ്രഹാത്ത് സൂചിപ്പിക്കുന്നത്?

ഉ: കാരുണ്യപ്രവൃത്തികൾ, മറ്റുള്ളവരെ ആശ്വാസപ്പിക്കുക തുടങ്ങിയവയിലൂടെ ദൈവഹിതം നിവർത്തിക്കുന്നത് വാക്കുകൊണ്ടുള്ള പ്രാർത്ഥനയേക്കാൾ പ്രാധാന്യമുള്ള പ്രാർത്ഥനാരീതിയാണെന്ന് അഫ്രഹാത്ത് ഊന്നിപ്പറയുന്നു.

140. ചോ: അഫ്രഹാത്തിന്റെ "പ്രാർത്ഥനയെക്കുറിച്ചുള്ള ലേഖന"ത്തിൽ പ്രതിപാദിക്കുന്നതനുസരിച്ച് പ്രാർത്ഥനയിൽ ക്ഷമയ്ക്ക് എന്ത് പങ്കാണ് ഉള്ളത്?

ഉ: പ്രാർത്ഥനയിൽ ക്ഷമക്ക് വളരെ നിർണായക പങ്കുണ്ട്. പക സൂക്ഷിക്കുന്നത് ഒരാളുടെ പ്രാർത്ഥനയെ കളങ്കപ്പെടുത്തും; ഒരുവന്റെ പ്രാർത്ഥനകൾ ശുദ്ധമാണെന്നും അവ ദൈവം സ്വീകരിക്കുന്നുണ്ടെന്നും ഉറപ്പാക്കാൻ അവൻ മറ്റുള്ളവരോട് ക്ഷമിക്കണമെന്നും അഫ്രഹാത്ത് പഠിപ്പിക്കുന്നു.